**എ.വൈ.ആർ**

**സ്വകാര്യതയുടെ ലംഘനംമൂലം ബന്ധപ്പെട്ടവരുടെ അഭിമാനവും സ്വകാര്യ താൽപര്യങ്ങളും ഹനിക്കപ്പെടുന്നതോടൊപ്പം സമൂഹത്തിൽ ഊഹാപോഹങ്ങളും അപവാദങ്ങളും പ്രചരിക്കുകയും പരസ്പരബന്ധങ്ങൾ വഷളാവുകയും അധാർമികവും അനാശാസ്യവുമായ നടപടികൾ പെരുകുകയും ചെയ്യുന്നു.**



يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُوا
وَتُسَلِّمُوا عَلَىٰ أَهْلِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٢٧﴾

**27.** അല്ലയോ വിശ്വാസികളായവരേ, നിങ്ങളുടേതല്ലാത്ത അന്യവീടുകളിൽ കടന്നു ചെല്ലാതിരിക്കുവിൻ-നിങ്ങളുടെ സാന്നിധ്യമറിയിക്കുകയും ആ വീട്ടുകാർക്ക് സലാം ചൊല്ലുകയും ചെയ്യുന്നതുവരെ. അതത്രെ വിശ്വാസികൾക്കു വിശിഷ്ടമായ ചര്യ; നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

**27**

يَا أَيُّهَا الَّذِينَ آمَنُوا = അല്ലയോ സത്യവിശ്വാസികളായവരേ   لَا تَدْخُلُوا = നിങ്ങൾ കടക്കാ(കടന്നു ചെല്ലാ)തിരിക്കുവിൻ

بُيُوتًا = വീടുകളിൽ   غَيْرَ بُيُوتِكُمْ = നിങ്ങളുടെ വീടുകളല്ലാത്ത (അന്യ)

حَتَّىٰ تَسْتَأْنِسُوا = നിങ്ങൾ സാന്നിധ്യം അറിയിക്കു(തൃപ്തി അറിയു)ന്നതു വരെ

وَتُسَلِّمُوا = നിങ്ങൾ സലാം ചൊല്ലുന്നതുവരെയും   عَلَىٰ أَهْلِهَا = അതിന്റെ ആളുകൾക്ക് (ആ വീട്ടുകാർക്ക്)

ذَٰلِكُمْ = അതത്രെ   خَيْرٌ لَّكُمْ = നിങ്ങൾക്ക് ഗുണകരം (വിശ്വാസികൾക്ക് വിശിഷ്ടമായ ചര്യ)

لَعَلَّكُمْ تَذَكَّرُونَ = നിങ്ങൾ ബോധവാന്മാരായെങ്കിലോ (ശ്രദ്ധിക്കുമല്ലോ)

ധാർമിക-സദാചാര വിഷയങ്ങളിൽ ആരോപണങ്ങളുന്നയിച്ച് വ്യക്തികളുടെ അഭിമാനം വ്രണപ്പെടുത്തുകയും സമൂഹത്തിൽ അശ്ലീല വർത്തമാനങ്ങൾ പരത്തുകയും ചെയ്യുന്നതിന്റെ ഗൗരവത്തെക്കുറിച്ചും അതു നിയന്ത്രിക്കുന്നതിനുള്ള നിയമ നടപടികളെക്കുറിച്ചുമാണ് ഇതുവരെയുള്ള സൂക്തങ്ങളിൽ വിശദീകരിച്ചത്. വ്യക്തികളുടെ അഭിമാനം പോലെത്തന്നെ വിലപ്പെട്ടതാണ് സ്വകാര്യതയും. ആധുനിക ലോകം സ്വകാര്യതയുടെ സംരക്ഷണം മൗലികാവകാശമായി കാണുന്നുണ്ട്. സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ വിശുദ്ധ ഖുർആൻ സ്വകാര്യതയുടെ സംരക്ഷണത്തെക്കുറിച്ച് അതിന്റെ അനുയായികളെ ഉണർത്തിയിരിക്കുന്നു. സ്വകാര്യങ്ങൾ ചുഴിഞ്ഞന്വേഷിച്ച് നടക്കരുതെന്നും ആളുകളുടെ സ്വകാര്യ ഇടപാടുകളെക്കുറിച്ച് ഏറെ ഊഹിച്ച് നിഗമനങ്ങളിലെത്തുന്നത് ചിലപ്പോൾ കുറ്റകൃത്യമാകുമെന്നും ഉദ്ബോധിപ്പിച്ചു: اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ ۖ وَلَا تَجَسَّسُوا (അധികം ഊഹിക്കുന്നത് വർജിക്കുവിൻ, ചില ഊഹങ്ങൾ കുറ്റകരമാകുന്നു. ചുഴിഞ്ഞന്വേഷിക്കാതിരിക്കുവിൻ-49:12). പരിഹസിച്ചും നിന്ദിച്ചും പരദൂഷണം പറഞ്ഞും ആക്ഷേപപ്പേരുകൾ വിളിച്ചും ആരുടെയും അഭിമാനം ക്ഷതപ്പെടുത്തരുതെന്ന് കൽപിച്ചതിനോടുനുബന്ധിച്ചാണ് അവിടെയും ഖുർആൻ ഇക്കാര്യം പറയുന്നത്. സ്വകാര്യത വ്യക്തികളുടെ സംരക്ഷിക്കപ്പെടേണ്ട അവകാശമായി പരക്കെ അംഗീകരിക്കപ്പെട്ടതോടൊപ്പംതന്നെ അത് ഏറ്റവുമധികം ലംഘിക്കപ്പെടുന്നതും ഇക്കാലത്താണ്. അറിയാനുള്ള അവകാശത്തിന്റെ, മാധ്യമ സ്വാതന്ത്ര്യത്തിന്റെ, രാജ്യതാൽപര്യങ്ങളുടെയൊക്കെ പേരിൽ അതു ന്യായീക

രിക്കപ്പെടുകയും ചെയ്യുന്നു. വ്യക്തികളുടെ സ്വകാര്യതകളെ പിന്തുടർന്ന് മാലോകരിൽ പാട്ടാക്കുന്ന ഒരു മാധ്യമ വിഭാഗംതന്നെ പപ്പരാസികൾ എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. വ്യക്തിയുടെ അഭിമാനവും സ്വകാര്യതയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. സ്വകാര്യത ഹനിക്കപ്പെടുമ്പോൾ ഹനിക്കപ്പെടുന്നത് അഭിമാനവും കൂടിയാണ്. നമ്മൾ സ്വകാര്യമായി ചെയ്യുന്ന നിരവധി കാര്യങ്ങളുണ്ട്. നിഷിദ്ധമായതുകൊണ്ടോ നികൃഷ്ടമായതുകൊണ്ടോ അല്ല പലതും സ്വകാര്യമായി ചെയ്യുന്നത്. പരസ്യമായി ചെയ്യുന്നത് നാണക്കേടായതുകൊണ്ടാണ്. വിസർജനവും മൈഥുനവും ഉദാഹരണം. ഇത്തരം കാര്യങ്ങൾ ഒളിഞ്ഞോ തെളിഞ്ഞോ മറ്റുള്ളവർ കാണുന്നത് മാനഹാനിയുണ്ടാക്കുന്നു. ഏതു കാര്യവും എല്ലാവരും കാൺകെ ചെയ്യാമെന്നും എല്ലാവർക്കും അത് കാണാമെന്നും വരുന്നത് മാനവികതക്കും സംസ്കാരത്തിനും വിരുദ്ധമാകുന്നു. എന്തും മറയില്ലാതെ ചെയ്യുക തിര്യക്കുകളുടെ പ്രകൃതിയാണ്. ആ നിലയ്ക്ക് സ്വകാര്യതയുടെ പരിധിലംഘനം മാനവികതയുടെ അതിരുലംഘനം കൂടിയാകുന്നു. സ്വകാര്യതയുടെ ലംഘനംമൂലം ബന്ധപ്പെട്ടവരുടെ അഭിമാനവും സ്വകാര്യ താൽപര്യങ്ങളും ഹനിക്കപ്പെടുന്നതോടൊപ്പം സമൂഹത്തിൽ ഊഹാപോഹങ്ങളും അപവാദങ്ങളും പ്രചരിക്കുകയും പരസ്പരബന്ധങ്ങൾ വഷളാവുകയും അധാർമികവും അനാശാസ്യവുമായ നടപടികൾ പെരുകുകയും ചെയ്യുന്നു.

അന്യവീടുകൾ സന്ദർശിക്കുമ്പോൾ ആ വീട്ടുകാരുടെ സ്വകാര്യതകൾ ഹനിക്കപ്പെടാതിരിക്കാൻ പാലിക്കേണ്ട മര്യാദകളാണ് ഈ സൂക്തം ഉണർത്തുന്നത്. بَاتَ (രാപ്പാർത്തു) -യുടെ മൂലപദമാണ് بَيْت . 'കുടുംബസമേതം രാപ്പാർക്കുന്ന ഇടം' എന്ന അർഥത്തിൽ അതുപയോഗിക്കുന്നു. بيت -ന്റെ ബഹുവചനമാണ് بيوت. സാന്നിധ്യമറിയിക്കലാണ് استئناس. അതിന്റെ ബഹുവചന ശാസനാരൂപമാണ് تَسْتَأْنِسُوا. ഇഷ്ടജനസാന്നിധ്യത്തെ കുറിക്കുന്ന أُنْس ആണ് ഇതിന്റെ മൂലം. 'സാന്നിധ്യമറിയിക്കുക', 'തൃപ്തിയറിയുക', 'പരിചയപ്പെടുത്തുക', 'സമ്മതം ചോദിക്കുക' എന്നെല്ലാം പണ്ഡിതന്മാർ استئناس -ന് അർഥം കൽപിച്ചിട്ടുണ്ട്. ഇസ്തിഅ്നാസിന്റെ കർമരൂപമാണ് സലാം ചൊല്ലൽ-അഭിവാദ്യം ചെയ്യൽ. ഒരു വീട്ടിൽ ചെല്ലുമ്പോൾ അവിടെ പ്രവേശിക്കുന്നതിനു മുമ്പായി നിങ്ങളുടെ സാന്നിധ്യം അറിയിച്ചുകൊണ്ട് സലാം കൊണ്ട് വീട്ടുകാരെ അഭിവാദ്യം ചെയ്യണം. ചില പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ ഇസ്തിഅ്നാസും സലാമും രണ്ടു കാര്യങ്ങളാണ്. ഒരു വീട്ടിലെത്തിയാൽ ആദ്യം വെടയനക്കുകയോ ചുമയ്ക്കുകയോ വാതിലിൽ മുട്ടുകയോ കാളിംഗ് ബെൽ അമർത്തുകയോ ചെയ്തുകൊണ്ട് വീട്ടുകാരെ നിങ്ങളുടെ ആഗമനം അറിയിക്കണം. അവർ അറിഞ്ഞുവെന്ന് മനസ്സിലായാൽ സലാം ചൊല്ലി അഭിവാദ്യം ചെയ്യണം. മുസ്‌ലിംകൾ ഏതു ഭാഷക്കാരായാലും ദേശക്കാരായാലും സ്വീകരിക്കേണ്ട അഭിവാദ്യ വചനം 'അസ്സലാമു അലൈകും' എന്നുതന്നെയാകണമെന്ന് وَتُسَلِّمُوا എന്ന കൽപന സൂചിപ്പിക്കുന്നു. നിങ്ങളുടെ സഹോദരന്മാർക്ക് എന്നോ സത്യവിശ്വാസികൾക്ക് എന്നോ പറയാതെ വീട്ടുകാർക്ക്- عَلَىٰٓ أَهْلِهَا -എന്നു പറഞ്ഞതിൽനിന്ന് സന്ദർശിക്കപ്പെടുന്നവർ മറ്റു സമുദായക്കാരും മതക്കാരുമായിരുന്നാലും അഭിവാദ്യം ചെയ്യേണ്ടത് സലാം കൊണ്ടുതന്നെയാണെന്ന് മനസ്സിലാക്കാം.

السّلام عليكم أأدخل ؟ (അസ്സലാമു അലൈകും, ഞാൻ കടന്നുവരട്ടെയോ?) എന്നു പറയലാണ് അഭിവാദ്യത്തിന്റെയും സമ്മതം ചോദിക്കലിന്റെയും ശരിയായ രൂപം എന്ന് നബി (സ) പഠിപ്പിച്ചതായി ഇബ്നുജരീറും അബൂദാവൂദും ഉദ്ധരിച്ചിട്ടുണ്ട്. സമ്മതം ചോദിക്കുമ്പോൾ ആഗതന്റെ പേരു പറയേണ്ടതാണ്. വീട്ടുകാരൻ വന്ന് സ്വാഗതം ചെയ്യുന്നതിനുമുമ്പ് വരാന്തയിലോ സ്വീകരണ മുറിയിലോ കയറിയിരിപ്പുറപ്പിക്കുന്നത് മര്യാദയല്ല. സാന്നിധ്യമറിയിക്കലും സലാമും- الإستئناس والسّلام -രണ്ടു കാര്യങ്ങളാണെന്നു വെയ്ക്കുമ്പോൾ ആദ്യം സാന്നിധ്യമറിയിക്കുകയും അനന്തരം വീട്ടുകാർ നിങ്ങളെ സ്വീകരിക്കാനെത്തുമ്പോൾ സലാം ചൊല്ലി സമ്മതം ചോദിക്കുകയുമാണ് വേണ്ടത്. സന്ദർശകൻ എത്തുമ്പോൾ വീട്ടുകാർ മറ്റുള്ളവർ കാണുന്നത് ഇഷ്ടപ്പെടാത്ത സ്വകാര്യ ഇടപാടുകളിലോ അവസ്ഥകളിലോ ആയിരിക്കാം. മറ്റാരോടെങ്കിലും സ്വകാര്യമായി സംസാരിച്ചുകൊണ്ടിരിക്കുക, മറ്റാരും കാണാതെ സൂക്ഷിക്കുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുക, ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിണങ്ങുകയോ പ്രണയിക്കുകയോ ചെയ്തുകൊണ്ടിരിക്കുക എന്നിവ ഉദാഹരണങ്ങൾ. ഇത്തരം കാര്യങ്ങൾ ആഗതന്റെ ശ്രദ്ധയിൽപെടാതെ മാറ്റിവെച്ച ശേഷം അയാളെ അഭിമുഖീകരിക്കാൻ തയാറാകുന്നതിനു വേണ്ടിയാണ് സന്ദർശകൻ ആദ്യം സാന്നിധ്യമറിയിക്കണം എന്നു കൽപ്പിക്കുന്നത്.

സാന്നിധ്യമറിയിക്കുക എന്ന മര്യാദ അന്യവീടുകൾ സന്ദർശിക്കുമ്പോൾ മാത്രമല്ല, സ്വന്തം വീട്ടിൽ കടന്നുചെല്ലുമ്പോൾ പോലും പാലിക്കേണ്ടതാണെന്ന് പ്രവാചക ശിഷ്യന്മാരുടെ ചരിത്രം വ്യക്തമാക്കുന്നു. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പുറത്തുപോയി തിരിച്ചെത്തിയാൽ പെട്ടെന്ന് വീട്ടിലേക്ക് പ്രവേശിക്കാനിഷ്ടപ്പെട്ടിരുന്നില്ലെന്നും പുറത്തുനിന്ന് ഒച്ചയനക്കുകയെങ്കിലും ചെയ്തിട്ടേ കയറിവരുമായിരുന്നുള്ളൂവെന്നും അദ്ദേഹത്തിന്റെ ഭാര്യ സൈനബ് പ്രസ്താവിച്ചതായി ഇബ്നുജരീർ ഉദ്ധരിച്ചിരിക്കുന്നു. മകൻ സ്വന്തം മാതാവിന്റെ മുറിയിൽ കടന്നുചെല്ലുമ്പോൾ പോലും അനുവാദം ചോദിച്ചുവേണം കടക്കാൻ എന്ന് നബി (സ) നിഷ്കർഷിച്ചിട്ടുണ്ട്; അവരുടെ ഏക ശുശ്രൂഷകനായ താൻ മാതാവിന്റെ അടുത്തു ചെല്ലുമ്പോഴൊക്കെ സമ്മതം തേടണമോ എന്ന് ഒരു മകൻ ആരാഞ്ഞപ്പോൾ اتحب ان تراها عريانة (അവരെ നഗ്നയായി കാണാൻ നീ ഇഷ്ടപ്പെടുമോ?) എന്നായിരുന്നു പ്രവാചകന്റെ പ്രതികരണം (ഇബ്നുജരീർ). സന്ദർശകൻ സാന്നിധ്യമറിയിക്കുന്നതിന്റെയും സലാം ചൊല്ലുന്നതിന്റെയും അടിസ്ഥാന ലക്ഷ്യം അന്യരുടെ സ്വകാര്യതയുടെ സംരക്ഷണമാണ്. അതിനു നിരക്കാത്ത നടപടികളൊന്നും ആഗതനിൽനിന്നുമുണ്ടായിക്കൂടാ. വീട്ടുകാർ തന്റെ ആഗമനമറിയുകയും പ്രവേശനാനുമതി നൽകുകയും ചെയ്യുന്നതിനു മുമ്പ് അകത്തേക്ക് ഒളിഞ്ഞുനോക്കുന്നതും അകത്തുനടക്കുന്ന സംഭാഷണത്തിന് ചെവിയോർക്കുന്നതും നിഷിദ്ധമാകുന്നു. അതേപ്പറ്റി നബി (സ) പ്രസ്താവിച്ചതായി അബൂദാവൂദ് ഉദ്ധരിക്കുന്നു: اذا دخل البصر فلا اذن (കണ്ണു കടന്നുകഴിഞ്ഞാൽ പിന്നെ സമ്മതം അപ്രസക്തമാകുന്നു). വാതിൽപടിയിൽ കയറിനിന്ന് അകത്തേക്ക് പാളിനോക്കിക്കൊണ്ട് വീട്ടിലേക്ക് പ്രവേശനാനുമതി തേടിയ ഒരാളോട് നബി (സ) പറഞ്ഞതായി അബൂദാവൂദിന്റെ തന്നെ മറ്റൊരു നിവേദനം: هكذا عنك فانّما الاستئذان من النظر (മാറി

നിൽക്കൂ! നോക്കാതിരിക്കാനാണ് സമ്മതം ചോദിക്കുന്നത്). കാഴ്ച പോലെത്തന്നെയാണ് കേൾവിയും. അതിനാൽ ആഗതൻ അന്ധനാണെങ്കിലും ഉള്ളിൽ കടക്കാൻ വീട്ടുകാരുടെ സമ്മതമുണ്ടായിരിക്കണം. അന്യരുടെ സ്വകാര്യ എഴുത്തുകുത്തുകൾ വായിക്കുന്നതും അവരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. നബി (സ) പറഞ്ഞു: من نظر فى كتاب اخيه بغير اذنه فانّما ينظرَ فى النّار (സഹോദരന്റെ സമ്മതമില്ലാതെ അയാളുടെ കത്തു നോക്കുന്നവൻ നോക്കുന്നത് നരകത്തിലേക്കാണ്-അബൂദാവൂദ്). പ്രവാചകൻ പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു:

لو انّ امرءًا اطّلَع عَلَيْكَ بِغَيْر إذنٍ فَخَذفْتَهُ بِحَصَاةٍ فَفَقَأْتَ عَيْنَهُ ما كان عليك من جناح

(ഒരാൾ സമ്മതമില്ലാതെ നിന്റെ സ്വകാര്യതയിലേക്കെത്തിനോക്കുമ്പോൾ നീ ചരൽ കല്ലെടുത്തെറിഞ്ഞ് അയാളുടെ കണ്ണു പൊട്ടിച്ചാലും കുറ്റമില്ല). ഇതിനർഥം അയാൾ പ്രതിക്രിയക്കോ നഷ്ടപരിഹാരത്തിനോ വിധേയനാകേണ്ടതില്ല എന്നാണോ അല്ലേ എന്ന കാര്യത്തിൽ ഫുഖഹാഇനിടയിൽ തർക്കമുണ്ട്. ഇമാം ശാഫിഈയും ഇമാം അഹ്മദും പറഞ്ഞത് അയാൾ ശിക്ഷാർഹനല്ല എന്നാണ്. അബൂഹനീഫയുടെ നിലപാട് ശിക്ഷാർഹനാകുന്നു എന്നാണ്. പ്രതിക്രിയ ഖുർആൻ കൽപിച്ചിട്ടുള്ളതാണ്. ഖുർആന്റെ കൽപനയെ ഹദീസ് ദുർബലപ്പെടുത്തുകയില്ല. ഒളിഞ്ഞുനോട്ടത്തിന്റെ നികൃഷ്ടത തുറന്നുകാട്ടുകയും അതു ചെയ്യുന്നവരെ ഭീഷണിപ്പെടുത്തുകയും മാത്രമാണ് ഹദീസിന്റെ താൽപര്യം. അബ്ബാസുബ്നു മിർദാസ് എന്നൊരാൾ നബി(സ)യെ അമിതമായി പുകഴ്ത്തിയപ്പോൾ പ്രവാചകൻ ബിലാലി(റ)നോടു പറഞ്ഞു: 'ചെന്ന് അയാളുടെ നാവ് മുറിച്ചുകളയൂ.' അയാളെ രൂക്ഷമായി വിലക്കണം എന്നേ അവിടുന്ന് ഉദ്ദേശിച്ചിട്ടുണ്ടായിരുന്നുള്ളൂ. സ്തുതിപാഠകന്റെ നാവ് മുറിക്കാനുള്ള കൽപനയായിരുന്നില്ല അത്. ഒളിഞ്ഞുനോട്ടക്കാരന്റെ കണ്ണുപൊട്ടിക്കാൻ അനുവദിക്കുന്നതിന്റെ താൽപര്യവും ഇതുതന്നെയാണ്.

വീട്ടിൽ പ്രവേശിക്കാൻ സമ്മതം നൽകേണ്ടത് വീട്ടുടമയോ അയാളെ പ്രതിനിധീകരിക്കുന്ന കുടുംബാംഗങ്ങളോ പരിചാരകരോ ആണ്. കൊച്ചുകുട്ടികളോ ബുദ്ധിസ്ഥിരതയില്ലാത്തവരോ ആ വീടുമായി ബന്ധമില്ലാത്തവരോ നൽകുന്ന സമ്മതം പരിഗണനീയമല്ലെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിരിക്കുന്നു. വീട്ടുകാരെ സാന്നിധ്യമറിയിക്കുന്നത് വാതിലിന്റെ നേരെ നിന്നാവരുത്. ഇടതുവശത്തേക്കോ വലതുവശത്തേക്കോ മാറിനിന്നായിരിക്കണം. വാതിലിന്റെ നേരെ നിന്ന് സമ്മതം ചോദിക്കരുതെന്ന് നബി (സ) പറഞ്ഞതായി നിവേദനമുണ്ട്. വാതിൽ തുറന്നുകിടക്കുകയാണെങ്കിലും അടഞ്ഞുകിടക്കുകയാണെങ്കിലും ഈ ചട്ടത്തിൽ മാറ്റമില്ല. വീട്ടിലുള്ളവർ മറ്റംഗങ്ങളുടെ സ്വകാര്യമുറികളിൽ പ്രവേശിക്കുമ്പോഴും സമ്മതം ചോദിക്കേണ്ടതാണ്; അവർ പരസ്പരം വിവാഹം നിഷിദ്ധമായവർ- محارم -ആണെങ്കിലും. പ്രായപൂർത്തിയെത്താത്ത കുട്ടികൾക്കു മാത്രമേ അതിൽ ഇളവുള്ളൂ.

وَإِذَا بَلَغَ الْأَطْفَالُ مِنْكُمُ الْحُلُمَ فَلْيَسْتَأْذِنُوا كَمَا اسْتَأْذَنَ الَّذِينَ مِنْ قَبْلِهِمْ ۚ

കുട്ടികൾ പ്രായപൂർത്തിയായാൽ അവർക്കുമുമ്പുള്ളവർ സമ്മതം ചോദിക്കുന്നതുപോലെ അവരും സമ്മതം ചോദിച്ചുകൊള്ളട്ടെ) എന്ന് ഈ സൂറയിലെ 59-ാം സൂക്തം കൽപ്പിക്കുന്നുണ്ട്. സന്ദർശകർ സാന്നിധ്യമറിയിച്ച് സമ്മതം വാങ്ങി കടന്നുചെല്ലുന്നതാണ് വിശ്വാസികൾക്ക് ഭൂഷണമായ വിശിഷ്ട ചര്യ. അതുവഴി സ്വകാര്യതകൾ പരസ്പരം മാനിക്കപ്പെടുന്നു. അതിനാൽ ഈ ചര്യ പാലിക്കുന്നതിൽ വിശ്വാസികൾ ജാഗ്രത പാലിക്കണം-ഇതാണ് ذَٰلِكُمْ خَيْرٌ لَكُمْ لَعَلَّكُمْ تَذَكَّرُونَ എന്ന വാക്യത്തിന്റെ താൽപര്യം. ■

---

فَإِنْ لَمْ تَجِدُوا فِيهَا أَحَدًا فَلَا تَدْخُلُوهَا حَتَّىٰ يُؤْذَنَ لَكُمْ ۖ وَإِنْ قِيلَ لَكُمُ
ارْجِعُوا فَارْجِعُوا ۖ هُوَ أَزْكَىٰ لَكُمْ ۚ وَاللَّهُ بِمَا تَعْمَلُونَ عَلِيمٌ ﴿٢٨﴾

28. ഇനി ആ വീട്ടിൽ ആരെയും കണ്ടില്ലെങ്കിൽ അനുമതി ലഭിക്കുന്നതുവരെ അതിൽ പ്രവേശിച്ചുകൂടാ. നിങ്ങളോടു തിരിച്ചുപോകുവിൻ എന്നാവശ്യപ്പെട്ടാൽ തിരിച്ചുപോരണം. അതാണു നിങ്ങളുടെ ഏറ്റം വിശിഷ്ടമായ സംസ്കാരം. നിങ്ങൾ ചെയ്യുന്നതെന്തും അല്ലാഹു നന്നായി അറിയുന്നുണ്ട്.

**28**

فَإِنْ لَمْ تَجِدُوا فِيهَا = ഇനി നിങ്ങൾ അതി(ആ വീട്ടി)ൽ കണ്ടില്ലെങ്കിൽ    أَحَدًا = ഒരാളെ(ആരെയും)
فَلَا تَدْخُلُوهَا = നിങ്ങൾ അതിൽ പ്രവേശിച്ചുകൂടാ
حَتَّىٰ يُؤْذَنَ لَكُمْ = നിങ്ങൾ(ക്ക്) അനുവദിക്കപ്പെടു(അനുമതി ലഭിക്കു)ന്നതുവരെ
وَإِنْ قِيلَ لَكُمُ = നിങ്ങളോട് പറയപ്പെട്ടുവെങ്കിൽ (ആവശ്യപ്പെട്ടാൽ)    ارْجِعُوا = നിങ്ങൾ തിരിച്ചുപോകുവിൻ (എന്ന്)
فَارْجِعُوا = നിങ്ങൾ തിരിച്ചുപോരണം    هُوَ = അതാകുന്നു
أَزْكَىٰ لَكُمْ = നിങ്ങൾക്ക് ഏറ്റവും ശുദ്ധമായത് (നിങ്ങളുടെ ഏറ്റവും വിശിഷ്ടമായ സംസ്കാരം)
وَاللَّهُ بِمَا تَعْمَلُونَ = അല്ലാഹു നിങ്ങൾ ചെയ്യുന്നത് (എന്തും)    عَلِيمٌ = നന്നായി അറിയുന്നു

സന്ദർശകനെത്തിയപ്പോൾ വീട്ടിൽ ആരെയും കണ്ടില്ലെന്നുവരാം. ഇത് രണ്ടു കാരണത്താലാകാം: ഒന്ന്, വീട്ടുകാർ അപ്പോൾ സ്ഥലത്തില്ലാതിരിക്കുക. രണ്ട്, വീട്ടുകാർക്ക് ആഗതനെ അഭിമുഖീകരിക്കാനും സ്വാഗതം ചെയ്യാനും താൽപര്യമില്ലാതിരിക്കുക. താൽപര്യക്കേടിന് ന്യായമായ കാരണം ഉണ്ടായിരിക്കാം, ഇല്ലാതിരിക്കാം. അതെന്തായിരുന്നാലും ആഗതൻ സമ്മതമില്ലാതെ ആ വീട്ടിൽ പ്രവേശിച്ചുകൂടാ. സന്ദർശക സാന്നിധ്യമറിയിച്ചിട്ട് പ്രതികരണമില്ലെങ്കിൽ മൂന്നുവട്ടം സലാം ചൊല്ലി നോക്കാം. ഒരു സലാം പറഞ്ഞ് അൽപം കഴിഞ്ഞ ശേഷമാണ് അടുത്ത സലാം പറയേണ്ടത്. മുത്ത്വലാഖ് ബിദ്അത്തുകാർ ചെയ്യുന്നതുപോലെ മൂന്നു സലാമും ചൊല്ലിയെന്നു പറഞ്ഞ് സുന്നത്തിനെ പരിഹസിക്കാൻ പാടില്ല. മൂന്നു വട്ടം ഇടവിട്ട് സലാം ചൊല്ലിയിട്ടും അകത്തുനിന്ന് പ്രതികരണമില്ലെങ്കിൽ ആഗതൻ തിരിച്ചുപോരണം. പിന്നെയും സലാം ആവർത്തിച്ചുകൊണ്ട് അവിടെ നിൽക്കരുത്. ഇപ്രകാരം നബി (സ) കൽപിച്ചിട്ടുള്ളതായി ഇമാം മുസ്ലിമും അബൂദാവൂദും ഉദ്ധരിച്ച നിവേദനങ്ങളുണ്ട്. സലാമിനു ലഭിക്കുന്ന പ്രതികരണം 'ഇപ്പോൾ നിങ്ങളെ സ്വാഗതം ചെയ്യുന്നില്ല, തിരിച്ചുപോയ്ക്കോളൂ' എന്നാണെങ്കിൽ ഉടൻ തിരിച്ചുപോന്നുകൊള്ളണം. അല്ലാതെ 'എനിക്ക് ഇപ്പോൾതന്നെ അകത്തുവന്നേ പറ്റൂ; വേഗം തിരിച്ചുപൊയ്ക്കൊള്ളാം' എന്നൊക്കെപ്പറഞ്ഞ് അനുവാദത്തിനുവേണ്ടി ശഠിച്ച് അവിടെത്തന്നെ നിന്ന് വീട്ടുകാരെ ബുദ്ധിമുട്ടിക്കരുത്. ഒരാൾക്ക് ആരുടെയെങ്കിലും സന്ദർശനമോ കൂടിക്കാഴ്ചയോ ഇഷ്ടമല്ലെങ്കിൽ അതു നിഷേധിക്കാൻ അയാൾക്ക് സ്വാതന്ത്ര്യമുണ്ട്. ചിലപ്പോൾ വ്യക്തികളുടെ ഈ നിഷേധത്തിനു കാരണം അയാൾക്ക് കൂടുതൽ പ്രധാനപ്പെട്ട വേറെ ജോലിയുള്ളതാകാം. സന്ദർശകന്റെ ലക്ഷ്യം തന്റെ ഉത്തമ താൽപര്യങ്ങൾക്ക് ഹാനികരമാണെന്ന് മുൻകൂട്ടി മനസ്സിലാക്കിയതുകൊണ്ടുമാകാം. ഇതൊന്നുമല്ല, ആതിഥേയന്റെ നന്മക്ക് വേണ്ടിയാണ് സന്ദർശകൻ സമ്മതം തേടുന്നതെങ്കിലും സമ്മതം ലഭിച്ചില്ലെങ്കിൽ തിരിച്ചുപോരുകതന്നെ വേണം. വീടിനും വീട്ടുകാർക്കും വല്ല മഹാവിപത്തും സംഭവിക്കുമ്പോൾ അതിൽനിന്ന് അവരെ രക്ഷിക്കുന്നതിനു വേണ്ടി മാത്രമേ സമ്മതം കൂടാതെ അന്യവീടുകളിൽ തള്ളിക്കയറാൻ പാടുള്ളൂ. ഉദാഹരണം, പുര കത്തുമ്പോൾ തീയണയ്ക്കാൻ, വീടിനകത്ത് മാരകമായ ബോംബുകളുണ്ടെന്നോ കാളസർപ്പങ്ങൾ കയറിയിട്ടുണ്ടെന്നോ അറിയിക്കാൻ. ഒരു വീട്ടിൽ ചെന്നിട്ട് വീട്ടുകാർ പ്രവേശനാനുമതി നൽകാതെ പറഞ്ഞുവിടുന്നത് ആർക്കും മനോവിഷമമുണ്ടാക്കുന്ന കാര്യമാണ്. പക്ഷേ സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം സാംസ്കാരികമായും ധാർമികമായും ഏറ്റം വിശിഷ്ടമായ ചര്യ അനുവാദമില്ലാത്തിടത്ത് പ്രവേശിക്കാതെ തിരിച്ചുപോരുന്നതുതന്നെയാണ്. വീട്ടുകാർ അനുമതി നൽകാതിരുന്നതെന്തുകൊണ്ടാണെന്ന് അവർക്കറിയില്ലല്ലോ. സന്ദർശകന്റെ താൽപര്യത്തേക്കാൾ പരിഗണനീയം വീട്ടുകാരുടെ താൽപര്യമാണ്. ഇതാണ് هُوَ أَزْكَىٰ لَكُمْ എന്ന വാക്യത്തിന്റെ താൽപര്യം. അവിടെ പറഞ്ഞ വിലക്ക് ലംഘിക്കാൻ ചെകുത്താൻ നിങ്ങൾക്ക് പലവിധ സൂത്രങ്ങൾ ഉണ്ടാക്കിത്തരും. മനുഷ്യകർമങ്ങൾ അല്ലാഹു കൃത്യമായും വ്യക്തമായും അറിഞ്ഞുകൊണ്ടിരിക്കുന്നു എന്ന ബോധം മനസ്സിലില്ലെങ്കിൽ, നിയമങ്ങൾകൊണ്ടും നിർദേശങ്ങൾകൊണ്ടും മാത്രം പാപങ്ങളിലേക്കുള്ള ചെകുത്താന്റെ പ്രചോദനങ്ങളിൽനിന്ന് രക്ഷപ്പെടാനാവില്ല. തന്റെ കർമവും വാക്കും വിചാരവുമെല്ലാം തന്നേക്കാൾ നന്നായി അല്ലാഹു അറിയുന്നു എന്ന വിചാരം മനസ്സിൽ മുന്തിനിൽക്കുമ്പോഴേ മനുഷ്യന് ചെകുത്താനെ പരാജയപ്പെടുത്താൻ കഴിയൂ. ഈ സന്ദർഭത്തിൽ وَاللَّهُ بِمَا تَعْمَلُونَ عَلِيمٌ എന്ന വാക്യത്തിന്റെ താൽപര്യം ഇതാണ്. ■